പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2261 **27-10-2026-ൽ മറുപടിയ്ക്ക്**

മാന്നാർ ടൗണിൽ ഫയർ സ്റ്റേഷൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജി ചെറിയാൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് അഗ്നിബാധ, മറ്റ് അപകടങ്ങൾ എന്നിവ ഉണ്ടാകുമ്പോൾ ഫയർ എൻജിനുകൾ തൽക്ഷണം സ്ഥലത്ത് എത്താൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്ത് അഗ്നിബാധ, മറ്റ് അപകടങ്ങൾ എന്നിവ ഉണ്ടാകുമ്പോൾ സമയബന്ധിതമായി രക്ഷാപ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

(ബി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ മാന്നാർ ടൗണിലെ ജനവാസവും വ്യവസായ/കച്ചവട മേഖലയിലെ അപകട സാധ്യതയും കണക്കിലെടുത്ത് അവിടെ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

മറുപടി: ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ, നിലവിൽ ചെങ്ങന്നൂർ ഫയർ സ്റ്റേഷൻ പ്രവർത്തിച്ചു വരുന്നുണ്ട്. മാന്നാർ കേന്ദ്രീകരിച്ച് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം സർക്കാർ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ